ധനമന്ത്രിയുടെ പത്രക്കുറിപ്പ് 2016 ജനുവരി 16

# ഐസക്കിന്റെ 'കള്ളപ്പണവേട്ട'യ്ക്കു മൂന്നാം പതിപ്പ്: പ്രകാശനം ഇന്ന്

ധനമന്ത്രി ഡോ. റ്റി.എം. തോമസ് ഐസക്കിന്റെ "കളപ്പണവേട്ട: മിഥ്യയും യാഥാർത്ഥ്യവും" എന്ന പുസ്തകത്തിന്റെ മൂന്നാം പതിപ്പ് ഇന്നു (ജനുവരി 17) ഉച്ചകഴിഞ്ഞു 3 ന് മഹാകവി ജി ആഡിറ്റോറിയത്തിൽ സിപിഐ (എം) എറണാകുളം ജില്ലാസെക്രട്ടറി പി. രാജീവ് പ്രകാശനം ചെയ്യും. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ പ്രൊ-വൈസ് ചാൻസലർ രാജൻ വർഗ്ഗീസ് പുസ്തകം ഏറ്റുവാങ്ങും. മഹാരാജാസ്, സെന്റ് തെരേസാസ്, എടത്തല അൽ-അമീൻ, ആലുവ സെന്റ് സേവ്യേഴ്സ് എന്നീ കോളേജുകളിലെ എക്കണോമിക്സ്, പൊളിറ്റിക്സ് വിഭാഗം അദ്ധ്യാപകരും പുസ്തകം സ്വീകരിക്കും. ചിന്ത പബ്ലിഷേഴ്സാണു പ്രസാധകർ.

പുസ്തകം ഇറങ്ങി രണ്ടാഴ്ച്ചയ്ക്കകമാണ് മൂന്നാം പതിപ്പിലേക്കു കടന്നത്. നോട്ടുനിരോധത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്യുന്ന പുസ്തകം ഡിസംബർ 27നാണു പ്രകാശനം ചെയ്തത്. ആദ്യദിവസങ്ങളിൽത്തന്നെ മുഴുവൻ വിറ്റുതീർന്നതിനാൽ ഒരാഴ്ച്ചയ്ക്കകം രണ്ടാം പതിപ്പ് തയ്യാറാക്കേണ്ടിവന്നു. ജനുവരി എട്ടിനു സിപിഐ(എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി പ്രകാശനം ചെയ്ത ആ പതിപ്പ് പ്രകാശനവേദിയിൽത്തന്നെ തീർന്നു. വിവിധ വർഗ്ഗബഹുജനസംഘടനകൾ അയ്യായിരത്തഞ്ഞൂറു കോപ്പിയിൽ നാലായിരവും പങ്കിട്ടുവാങ്ങുകയായിരുന്നു. അന്നുതന്നെ മൂന്നാം പതിപ്പു തീരുമാനിക്കുകയായിരുന്നു.

കാര്യങ്ങൾ നേരെയാവാൻ പ്രധാനമന്ത്രി ആവശ്യപ്പെട്ട 50 ദിവസം അവസാനിച്ചശേഷമുള്ള സ്ഥിതിവിശേഷവും അന്നു പ്രധാനമന്ത്രി ചെയ്ത പ്രസംഗത്തോടുള്ള പ്രതികരണവുംകൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ചതാണ് പുതിയ പതിപ്പ്. നോട്ടുനിരോധനം അശാസ്ത്രീയമാണെന്നും അതു പരാജയപ്പെടുമെന്നും ആദ്യം പ്രവചിച്ചത് തോമസ് ഐസക്കായിരുന്നു. പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വന്ന് ഒരുമണിക്കൂറിനുള്ളിൽ ആയിരുന്നു ഇത്.

കള്ളപ്പണം പിടികൂടാൻ നോട്ടുനിരോധം ആവശ്യമില്ലായിരുന്നുവെന്നും ആവശ്യമായിരുന്നെങ്കിൽത്തന്നെ ഇന്നത്തെമാതിരി ജനങ്ങളെ പീഡിപ്പിക്കാതെ അതു ചെയ്യാമായിരുന്നുവെന്നും ഐസക്ക് പുസ്തകത്തിൽ സമർത്ഥിക്കുന്നു. സഹകരണമേഖലയിൽ ഈ നടപടി സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധിയെയും പരിഹാരങ്ങളെയും പറ്റിയും ഇതിൽ പ്രത്യേകം ചർച്ച ചെയ്യുന്നുണ്ട്.

കള്ളപ്പണത്തെയും അതു തടയാനുള്ള മാർഗ്ഗങ്ങളെയും ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന പുസ്തകത്തിൽ കാഷ്‌ലെസ് സമ്പദ്ഘടനയുടെ സവിശേഷതകൾ, നോട്ടുനിരോധം ഇൻഡ്യയെ പൊതുവിലും കേരളത്തെ വിശേഷിച്ചും എങ്ങനെബാധിക്കുന്നു, ഇപ്പോഴത്തെ പ്രതിസന്ധിയും ദുരിതങ്ങളും പരമാവധി ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവയൊക്കെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

ചോദ്യോത്തരരൂപത്തിൽ തയ്യാറാക്കിയ പുസ്തകത്തിനു പത്ത് അദ്ധ്യായങ്ങളുണ്ട്. മന്ത്രി നടത്തിയ ഫേസ്ബുക്ക് ലൈവുകളിൽ വന്ന ചോദ്യങ്ങളും സമൂഹമാദ്ധ്യമങ്ങളിൽ കമന്റായും മറ്റും വന്ന ചോദ്യങ്ങളും പലരും മന്ത്രിയോടു ഫോണിലും നേരിട്ടും ചോദിച്ച ചോദ്യങ്ങളുമൊക്കെ പരിശോധിച്ച് അവയിൽനിന്നു തെരഞ്ഞെടുത്ത 53 ചോദ്യവും ഉത്തരവുമാണ് ഉള്ളത്.

കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ചികിത്സയിലായിരിക്കെയാണു പുസ്തകരചന നടത്തിയത്. വിശ്രമം അനിവാര്യമായ ചികിത്സാവേളയിൽ അതു മറികടന്നു പുസ്തകരചന നടത്താൻ അനുവദിച്ചത് തന്റെ പ്രകൃതം അറിയാവുന്ന വൈദ്യശാലയുടെ മേധാവി ഡോ. പി.കെ. വാര്യരാണെന്ന് ഐസക്ക് പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. പി.കെ. വാര്യർക്കാണു പുസ്തകം സമർപ്പിച്ചിരിക്കുന്നത്.